# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5134 28.10.2016-ൽ മറുപടിയ്ക്ക്

## പുരാരേഖകളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ. എൻ. ജയരാജ് : | | ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി<br>തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ പുരാരേഖകൾ സംരക്ഷിക്കുന്നതിന് എന്ത് പദ്ധതിയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പുരാരേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് കെമിക്കൽ കൺസർവേഷൻ, ഡിജിറ്റൈസേഷൻ എന്നീ പദ്ധതികൾ നടത്തിവരുന്നു. കെമിക്കൽ കൺസർവേഷന്റെ ഭാഗമായിട്ടുള്ള പേജിനേഷൻ, ഡി-അസിഡിഫിക്കേഷൻ, മെന്റിംഗ്, ഗാർഡിംഗ്, ബയിന്റിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി പുരാരേഖാ വകുപ്പിൽ ഒരു കൺസർവേഷൻ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ 'പൈതൃക പഠന കേന്ദ്രം', 'നാഷണൽ റിസേർച്ച് ലബോറട്ടറീസ് ഫോർ കൺസർവേഷൻ ഓഫ് കൾച്ചറൽ പ്രോപ്പർട്ടി' തുടങ്ങിയ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി രേഖകളുടെ ശാസ്ത്രീയ സംരക്ഷണ പദ്ധതി നടത്തിവരുന്നു. സി-ഡിറ്റിന്റെ സഹായത്തോടെ പുരാരേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതിയും നടത്തിവരുന്നുണ്ട്. |
| (ബി) സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള പുരാരേഖകൾ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;<br>(സി) ഇല്ലെങ്കിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) & (സി) | സ്വകാര്യ വ്യക്തികൾ ചരിത്ര മൂല്യമുള്ള പുരാരേഖകൾ വകുപ്പിന് കൈമാറുവാൻ സന്നദ്ധമാണെങ്കിൽ അവ ഏറ്റെടുത്ത് സംരക്ഷിക്കുകയും അല്ലാത്ത പക്ഷം ടി റിക്കോർഡുകൾ വില കൊടുത്ത് വാങ്ങി വകുപ്പ് സംരക്ഷിക്കുകയും ചെയ്തു വരുന്നു. കൂടാതെ സ്വകാര്യരേഖാ ശേഖരങ്ങൾ, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ആർക്കൈവ്സ് വകുപ്പ് "കമ്മ്യൂണിറ്റി ആർക്കൈവ്സ്" എന്ന പദ്ധതിയ്ക്കും രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ വ്യക്തികളുടെ രേഖാ ശേഖരങ്ങൾ ഏറ്റെടുത്ത് സംരക്ഷിച്ച് സ്വകാര്യ വ്യക്തികൾക്ക് നൽകുകയും അവയുടെ ഡിജിറ്റൽ പകർപ്പ് വകുപ്പ് സൂക്ഷിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ